**കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം**

നമ്പർ–F1/14291/18 തീയതി– 01.11.2018

**സർക്കുലർ നമ്പർ 36/ 2018–2019**

വിഷയം– സംസ്ഥാനത്തെ പ്രളയക്കെടുതി ദുരിതാശ്വാസം– മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് –മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന– 1) 11.09.2018 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 144/2018/ധന ഉത്തരവ്.

2) 31.10.2018 തീയതിയിലെ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ നിന്നുള്ള 99/2018/ധന നമ്പർ സർക്കുലർ.

3) 28.09.2018 ലെ സർക്കുലർ നമ്പർ 33/2018–2018.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ നാശ നഷ്ടങ്ങൾ പരിഹരിച്ച് നവ കേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരുടെ തന്നെ ആകെ ശമ്പളം പത്ത് മാസഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതിനായി സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു: ഹൈക്കോടതിയുടേയും തുടർന്നുള്ള അപ്പീലിൽ ബഹു: സുപ്രീം കോടതിയും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവിലെ ക്ലോസ്സ് (10) , ക്ലോസ്സ് (11) എന്നിവ ഒഴിവാക്കിക്കൊണ്ട് താഴെ പറയുന്ന രീതിയിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ആകെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിലേയ്ക്കായി സൂചന (1) പ്രകാരം പുറപ്പെടുവിച്ച ക്ലോസ്സ് (10) , ക്ലോസ്സ് (11) എന്നിവ ഒഴികെയുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പ്രാബല്യത്തിൽ ഉണ്ടാകുന്നതാണ്. ടി ഉത്തരവിന്റെ അനുബന്ധമായി നൽകിയിരുന്ന പ്രൊഫോർമ്മ നീക്കം ചെയ്യുന്നു.
2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ, ഗഡുക്കളായോ നൽകുവാൻ സന്നദ്ധരായവരിൽ നിന്നും സമ്മതം ഡി.ഡി.ഒ മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുവാൻ പാടുള്ളതല്ല.
3. നിലവിൽ ഒരു മാസത്തെ ആകെ ശമ്പളം സൂചന (1) പ്രകാരമുള്ള വിവിധ ഓപ്ഷനുകൾ വഴി സമ്മതം നൽകി സംഭാവന നൽകി തുടങ്ങിയ ജീവനക്കാർ ഇനിയും പ്രത്യേകം സമ്മതം നൽകേണ്ടതില്ല. ബന്ധപ്പെട്ട ഡി.ഡി.ഒ മാർ മുൻ സമ്മതപ്രകാരമുള്ള തുക കുറവ് വരുത്തേണ്ടതാണ്.
4. ഒരു മാസത്തെ ആകെ ശമ്പളം നൽകുവാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.
5. കരാർ ജീവനക്കാർ/ദിവസ വേതനക്കാർ/താൽക്കാലിക ജീവനക്കാർ എന്നിവർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.
6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു മാസത്തെ ആകെ ശമ്പളം നൽകുന്ന സ്കീമിൽ പുതിയതായി ചേരുന്നതിന് സന്നദ്ധയുള്ള ജീവനക്കാരിൽ നിന്നും ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ പത്തായോ അതിൽ കുറവ് ഗഡുക്കളായോ കുറവ് ചെയ്യണം. സൂചന (1) പ്രകാരമുള്ള ലഭ്യമായ ഓപ്ഷനുകൾ പുതിയതായി സന്നദ്ധരാകുന്നവർക്കും ലഭ്യമായിരിക്കും.

മേൽ തുക സി.എം.ഡി.ആർ.എഫിലേയ്ക്ക് നൽകുന്നത് സംബന്ധിച്ച് തുടർനിർദ്ദേശം നൽകുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/C)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/ഏരിയ കമ്മിറ്റി ചെയർമാന്മാരും.

// ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്